Chief Minister (**Sri C. H. Mohammed Koya**): Sir, I second it.

The question that the Kerala Advocates' Welfare Fund Bill, 1979, be referred to a Select Committee, was put and carried.

The motion was adopted and the Bill was referred to the Select Committee.

മി. ചെയർമാൻ: കാര്യവിവരപ്പട്ടികയനുസരിച്ച് പന്ത്രണ്ടരെ മണി മുതൽ ഒന്നര മണിവരെ ശ്രീ. ആർ. എസ്. ഉണ്ണി നോട്ടീസ് നൽകിയിരിക്കുന്ന പ്രമേയം ചർച്ചയ്ക്കെടുക്കേണ്ടതുണ്ട്. ഇനി രണ്ടു ബില്ലുകൾകൂടി പരിഗണനയ്ക്കെടുക്കാനുള്ളതുകൊണ്ട് ആ രണ്ട് ബില്ലുകളുടെ പരിഗണന കഴിഞ്ഞതിനുശേഷം ഒരുമണിക്കൂർ ശ്രീ. ആർ. എസ്. ഉണ്ണിയുടെ പ്രമേയത്തിന് നീക്കിവച്ചാൽപോരെ എന്നുള്ള അഭിപ്രായം സഭയുടെ സെൻസ് അറിയാൻ വേണ്ടി ഞാൻ മുന്നോട്ടു വയ്ക്കുകയാണ്.

(സഭ അത് അംഗീകരിച്ചു)

(iii) 1979-ലെ കേരള മുനിസിപ്പാലിറ്റികൾ (മൂന്നാം ഭേദഗതി) ബിൽ

Chief Minister (**Sri C. H. Mohammed Koya**): Sir, I introduce the Kerala Municipalities (Third Amendment) Bill, 1979. I also lay on the table a copy of the statement explaining the circumstances which had necessitated the immediate legislation by promulgation of the Ordinance.

Chairman: The Bill stands introduced.

Sri C. H. Mohammed Koya: Sir, I move that the Bill be taken into consideration.

Minister (**Sri N. K. Balakrishnan**): I second it.

Sri P. P. Esthose: Sir, I move that the Kerala Municipalities (Third Amendment) Bill, 1979 be circulated for eliciting public opinion till 30th October, 1979.

സർ, ഇത് വളരെ ചെറിയ ഒരു ഭേദഗതിയല്ല. ഒരൊറ്റ വകുപ്പിന്റെ ഭേദഗതിയാണെങ്കിലും കമ്മിഷനിയൽ റിവിഷനെ സംബന്ധിച്ച് ഏറ്റവും വലിയ ആക്ഷേപം വന്നിട്ടുള്ള ഒരു സാഹചര്യമാണുള്ളത്. പ്രത്യേകിച്ചും ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ റിവിഷൻ നടക്കാത്തതിന്റെ ഫലമായി രണ്ടുവർഷത്തെ നികുതി പിരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും അതിന്റെ ഫലമായി വലിയതോതിൽ നികുതികുടിശ്ശിക അവിടെ വന്നിരിക്കുന്നുവെന്നും പറയുന്നു. അങ്ങനെ നികുതി കുടിശ്ശിക വന്നതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ പ്രവർത്തനങ്ങൾക്ക് സ്തംഭനം ഉണ്ടായിരിക്കുന്നു എന്നുള്ളത് സത്യമാണ്. ഞാൻ ഒരു മുനിസിപ്പാലിറ്റിയെ പ്രതിനിധീകരിക്കുന്ന ആളായതുകൊണ്ട് എനിക്ക് നേരിട്ട് ചുരുങ്ങിയ ദിവസത്തിനുള്ളിൽ ഈ നിയമത്തിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവിക്കാൻ ഇടയായിട്ടുണ്ട്. പ്രൊപ്പർട്ടി ടാക്സിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

കമ്പിക്കിനിയൽ റിവിഷൻ അഞ്ച് വർഷത്തിലൊരിക്കൽ നടത്തണമെന്നാണ് നമ്മുടെ നിയമത്തിലുള്ളത്. മുനിസിപ്പൽ കൗൺസിലിന്റെ റസല്യൂഷനനുസരിച്ച് വേണമെങ്കിൽ അത് ഒരു വർഷംവരെ എക്സ്റ്റൻറ് ചെയ്യാമെന്നുണ്ട്. അങ്ങനെ എക്സ്റ്റൻറ് ചെയ്യുന്നതിന്റെ ഫലമായി അത് ഒരു വർഷംവരെ ലിമിറ്റ് ചെയ്തിരിക്കുന്നു എന്നുള്ളതിൽ തർക്കമില്ല. അഞ്ചുവർഷത്തിലൊരിക്കൽ റിവിഷൻ വേണമെന്ന് നിശ്ചയിച്ചാൽ, അഞ്ച് വർഷത്തിനകം അത് പൂർത്തിയാക്കി ആറാമത്തെ വർഷത്തിന്റെ ഫസ്റ്റ് ഹാഫ് ഇയറിൽ ഈ പുതുക്കിയ നികുതി പിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അത് വീണ്ടും നീട്ടി കൊടുക്കുന്നതിനുള്ള സാവകാശം കൊടുക്കലാണ് ഈ അമൻറ്മെൻറ് ബിൽ വഴി ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. സെക്ഷൻ 104-ലെ ഷെഡ്യൂൾ 2-നാണ് ഭേദഗതി. ഇത് മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക വരുമാനവുമായി ബന്ധപ്പെട്ട കാര്യമാണ്. അത്തരം മുനിസിപ്പാലിറ്റികളുടെ സാമ്പത്തികവരുമാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്ന് വളരെയേറെയുണ്ട്. ഞാൻ കൂടുതലൊന്നും പറയുന്നില്ല. മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം അതിന്റെ വരുമാനം മേജർ മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നമാകുകയില്ല. മൂവാറ്റുപുഴ മുനിസിപ്പാലിറ്റിപോലുള്ള ഒരു മൈനർ മുനിസിപ്പാലിറ്റി, ആ മുനിസിപ്പാലിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തണമെങ്കിൽപോലും കഴിയാത്തത്ര പാപ്പരായ മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം വളരെ വിഷമങ്ങളുണ്ട്. അതിന് പല കാരണവുമുണ്ട്. നിയമത്തിൽ പ്രൊഫഷണൽ ടാക്സിനെ സംബന്ധിച്ച് ഭരണഘടനാപരമായ ചില പരിമിതികളുണ്ട്. 10 ലക്ഷവും 15 ലക്ഷവും 20 ലക്ഷവും ടേൺഓവറുള്ള ടൗണിലെ ഒരു കച്ചവടക്കാരൻ 250 രൂപ ഒരു വർഷം പ്രൊഫഷണൽ ടാക്സ് കൊടുത്താൽമതി. ഒരു നീതീകരണവുമില്ലാത്ത ഒരു പ്രൊഫഷണൽ ടാക്സ് ആണ് ഭരണഘടനയിൽ ചേർത്തുവച്ചിരിക്കുന്നത്. പട്ടണത്തിലെ പ്രബലൻമാരായ ആളുകളുടെ സ്വാധീനം ഭരണഘടനയിൽ എങ്ങനെ പ്രവർത്തിച്ചു എന്നുള്ളത് ഇതുപോലുള്ള ചില പ്രശ്നങ്ങൾ വരുമ്പോഴാണ് അറിയാൻ കഴിയുക. പട്ടണങ്ങളിൽ വീടു വച്ചിരിക്കുന്ന പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം അഞ്ച് വർഷം കഴിയുമ്പോൾ ആ വീടിനു നികുതി പുതുക്കുന്നു. അതേ സമയത്ത് ഭരണഘടനാപരമായ ഒരു സീലിംഗ് വച്ചുകൊടുത്തിരിക്കുന്നു വൻകിട കച്ചവടക്കാർക്ക്. 250 രൂപ എന്നുപറഞ്ഞാൽ അവരുടെ ഒരു ദിവസത്തെ എൻറർടൈൻമെൻറിന്റെ പണംപോലുമില്ല. ഞങ്ങളുടെ മുനിസിപ്പാലിറ്റികളിൽ രാത്രി പന്ത്രണ്ട് മണിക്കൂറും വിളക്ക് കത്തിക്കണമെന്നുള്ള പ്രമേയം പാസാക്കിവച്ചിട്ടുണ്ട്. മെയിൻറോഡിൽ രാത്രി മുഴുവനും ഇങ്ങനെ ലൈറ്റ് കത്തിക്കണമെങ്കിൽ നാലായിരത്തോളം രൂപ കൂടുതലായി കൊടുക്കണം. അങ്ങനെ ഏറ്റവും വലിയ സർവ്വീസ് പട്ടണത്തിലെ കച്ചവടക്കാർക്ക് നടത്തർ കൊടുക്കുമ്പോൾ, 1960-ലെ ആക്ട് അനുസരിച്ച് 250 രൂപ കച്ചവടക്കാർ നികുതികൊടുത്താൽ മതിയെന്നാണ് വച്ചിരിക്കുന്നത്. ഇന്നത്തെ മണിവാല്യൂ നോക്കിയാൽ ഇന്ന് 24 പൈസയാണ് ഒരു രൂപയ്ക്കുള്ളത്. അന്നത്തെ 250 രൂപായെന്നു പറഞ്ഞാൽ 2,500 രൂപയെങ്കിലും പ്രൊഫഷണൽ ടാക്സ് ആയി കച്ചവടക്കാർ നൽകണം. പ്രൊഫഷണൽ ടാക്സ് സമ്പ്രദായത്തിൽ ചില സീലിംഗും സ്ലാബും വച്ചിട്ടുണ്ട്. അത് മാറ്റി, ഈ പട്ടണത്തിലെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി, അഞ്ച് വർഷത്തിലൊരിക്കൽ റിവിഷൻ നടത്തുന്നതുപോലെ തന്നെ പ്രൊഫഷണൽ ടാക്സിനെ സംബന്ധിച്ചും ഒരു ശതമാനം നിശ്ചയിക്കുന്ന സംവിധാനം കൊണ്ടുവരണം. 1,200 രൂപ ശമ്പളമുള്ള ഒരാൾ ആറ് രൂപ ടാക്സ് കൊടുത്താൽ മതി. 650 രൂപ ശമ്പളമുള്ളയാളും 6 രൂപ കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു ന്യായീകരണവുമില്ലാത്ത സീലിംഗും സ്ലാബുമാണ്; പട്ടണങ്ങളുടെ വികസനത്തിന് തടസ്സമാണ്. വാട്ടർസെസ്സിന്റെ കാര്യത്തിൽ പി. എച്ച്. ഇ. ഡി. ക്കാർ കേരളത്തിലെ ഏറ്റവും വലിയ കൊള്ളസംഘമാണ്. മുനിസിപ്പാലിറ്റികൾക്ക് കൊടുക്കുന്ന വാട്ടർ സപ്ലൈയുടെ പേരിൽ പി. എച്ച്. ഇ. ഡി. ക്കാർ ഓരോ വർഷവും ഈടാക്കുന്ന മെയിൻറനൻസ് ചാർജിന് യാതൊരു ലിമിറ്റുമില്ല. അവർക്ക് അതിന് ആരോടും മറുപടി പറയേണ്ട കാര്യവുമില്ല. അവർ പറയുന്ന രൂപ കൊടുത്തുകൊള്ളണം. ഗവൺമെൻറിന്റെ ഗ്രാൻറ് ഇനത്തിൽ അത് അഡ്ജസ്റ്റ് ചെയ്യും. പി. എച്ച്. ഇ. ഡി. ക്കാർ മുനിസിപ്പൽ പട്ടണങ്ങളിൽ നൽകുന്ന വാട്ടർ സപ്ലൈയ്ക്ക് മുഴുവൻ മെയിൻറനൻസ് ചാർജ് കൊടുക്കണമെന്നു പറഞ്ഞാൽ അത് മനസ്സിലാക്കാം. എന്നാൽ അത് റിയൽ കണക്കല്ല. അവരുടെ മറ്റുപലവിധത്തിലുള്ള ധൂർത്ത് ചിലവുകളും ആ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കും. മുനിസിപ്പാലിറ്റികൾ പ്രതിമാസം കളക്ട് ചെയ്യുന്നതിന്റെ ഇരട്ടിപണം പി. എച്ച്. ഇ. ഡി. ക്കാർക്ക് അടയ്ക്കണം. അവരുടെ ആറ് മാസത്തെ ബില്ല് കണ്ടാൽ ഇത് മനസ്സിലാകും. ഇത് ഗ്രാൻറിൽ അഡ്ജസ്റ്റ് ചെയ്യുകയാണ് പതിവ്. കുടിങ്കിനിയൽ റിവിഷനെ സംബന്ധിച്ച് ഇവിടെ കൊണ്ടുവന്നിട്ടുള്ള എക്സ്റ്റൻഷനിൽ വലിയകാര്യമൊന്നുമില്ലായെന്നാണ് പറയുന്നത്. ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ഒരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ ഭേദഗതിയിൽ വലിയ അപകടമൊന്നുമില്ലെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും ടാക്സ് പിരിക്കുന്നത് ഇങ്ങനെ നീട്ടിക്കൊണ്ടുപോയാൽ, പിരിക്കുന്ന ടാക്സ് പഴയ ടാക്സാണ്, തക്കസമയത്ത് റിവിഷൻ നടക്കുകയില്ല. അതുകൊണ്ട് 1960-ലെ മുനിസിപ്പൽ ആക്ടിന് സമഗ്രമായ ഒരു ഭേദഗതി വരുത്തേണ്ട കാലമായിരിക്കുന്നു. ആക്ട് ഉണ്ടായിട്ട് 19 കൊല്ലം കഴിഞ്ഞിരിക്കുകയാണ്. ഈ 19 വർഷക്കാലത്തിനിടയിൽ പട്ടണവികസനമെന്ന് പറയുന്നത് വളരെ പ്രധാനമായ ഒരു കാര്യമായി വന്നിട്ടുണ്ട്. അർബൻ ഡവലപ്പ്മെൻറ് ഒരു സജീവവിഷയമായി വന്നിട്ടുണ്ട്. മുനിസിപ്പാലിറ്റികളിലെ ജനങ്ങളുടെ ജീവിതവും ആരോഗ്യവും ഭവനപ്രശ്നവും യാത്രാസൗകര്യവും എല്ലാംതന്നെ ഇന്ന് വലിയ പ്രശ്നമാണ്. 19 വർഷത്തിനു മുമ്പുള്ള മുനിസിപ്പൽ ആക്ടിന് സമഗ്രമായ ഒരു ഭേദഗതി ഗവൺമെൻറ് കൊണ്ടുവരണം. അതിനുള്ള നടപടികളായിരിക്കണം സ്വീകരിക്കേണ്ടത്. പീസ് പീസായിട്ടുള്ള അമൻറ്മെൻറുകൾ കൊണ്ടുവരാതെ സമഗ്രമായ ഒരു മുനിസിപ്പൽ ഭേദഗതിനിയമം കൊണ്ടുവരണം. പ്രൊഫഷണൽ ടാക്സിനെ സംബന്ധിച്ചിടത്തോളം, ഇൻകംടാക്സിനെയും സെയിൽസ്ടാക്സിനെയും പോലെ ശതമാനം ചുമത്തുന്ന സമ്പ്രദായം കൊണ്ടുമാത്രമേ പട്ടണവികസനമെന്ന യഥാർത്ഥ ലക്ഷ്യത്തിലെത്താൻ കഴിയുകയുള്ളു എന്നുള്ള കാര്യം ഞാൻ അനുസ്മരിപ്പിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ ഇതിന്റെ ആവശ്യകതയില്ല. ഇതൊരു അപകടമാണെന്നുള്ള നിലയിലല്ല ഞാൻ പറയുന്നത്, ഇതിന്റെ ആവശ്യകത ഇല്ലെന്ന് പറയാൻ കാരണം, അഞ്ച് വർഷത്തിലൊരിക്കൽ റിവിഷൻ നടത്താൻ കഴിയാത്ത പ്രശ്നങ്ങളൊന്നുമില്ല. ഏതായാലും ഒരു മുനിസിപ്പാലിറ്റിയിൽ, അവിടെ നടക്കുന്ന ചില പ്രത്യേകകാരണങ്ങളാൽ റിവിഷൻ മാറ്റിവയ്ക്കണമെന്നു തോന്നിയാൽ അതിനുള്ള സാവകാശം നൽകുന്നതിന് ഇപ്പോഴത്തെ സാധിക്കും. അതുകൊണ്ട് ഈ അമൻറ്മെൻറിന് പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ലായെന്നാണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): ഈ നിയമത്തിന്റെ ഉദ്ദേശം കഴിങ്കിനിയൽ റിവിഷനെ സംബന്ധിച്ച് ഗവൺമെന്റിനെതിരെ മുൻപാകെ ആക്ഷേപം വന്നപ്പോഴും ഗവൺമെന്റിനു അതു നീട്ടിവയ്ക്കാനുള്ള അധികാരമില്ലായിരുന്നു. ആ അധികാരം നൽകാൻവേണ്ടിയാണു കൊണ്ടുവന്നത്. ഈ അധികാരം നൽകുന്നതുകൊണ്ടു നീട്ടിവയ്ക്കണമെന്നല്ല പറയുന്നത്. പിന്നെ മുനിസിപ്പൽ നിയമത്തിൽ സമഗ്രമായ ഒരു മാറ്റം വരുത്തുന്ന കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലുണ്ട്. അതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. അതുവരെ ഇതു നീട്ടിവയ്ക്കുന്നതു ശരിയല്ല. ഇതു പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

The amendment moved by Sri P. P. Esthose was put and lost.

The question that the Kerala Municipalities (Third Amendment) Bill, 1979, be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 4

The question that clauses 2 to 4 stand part of the Bill, was put and carried.

Clauses 2 to 4 were added to the Bill.

Clause 1, Preamble and Title

The question that clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Chief Minister **(Sri C. H. Mohammed Koya):** Sir, I move that the Kerala Municipalities (Third Amendment) Bill, 1979, may be finally passed.

Minister **(Sri N. Bhaskaran Nair):** Sir, I second it.

The question that the Kerala Municipalities (Third Amendment) Bill, 1979 may be finally passed, was put and carried.

The motion was adopted and the Bill was finally passed.

iv. 1979-ലെ കേരള പഞ്ചായത്തുകൾ (ഭേദഗതി) ബിൽ

Chief Minister **(Sri C. H. Mohammed Koya):** Sir, I introduce the Kerala Panchayats (Amendment) Bill, 1979. I also lay on the table a copy of the statement explaining the circumstances which had necessitated the immediate legislation by promulgation of an Ordinance.

Mr. Chairman: The bill stands introduced.

Sri C. H. Mohammed Koya: Sri, I move that the Bill may be taken into consideration.

LIBRARY ARCHIVES Kerala Legislative Assembly